**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 922** **24-02-2022 - ൽ മറുപടിയ്ക്ക്**

**അശാസ്ത്രീയ പാമ്പ് പിടുത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പാമ്പുപിടിത്തത്തിൽ അശ്രദ്ധയും അശാസ്ത്രീയരീതി അവലംബിക്കുന്നതും അപകടത്തിലേക്ക് നയിക്കുമെന്നത് കണക്കിലെടുത്ത് സുരക്ഷിതവും ശാസ്ത്രീയവുമായ മാർഗ്ഗത്തിലൂടെ പാമ്പിനെ പിടികൂടുന്നതിന് വനം വകുപ്പ് പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | പാമ്പിനെ പിടികൂടുന്നതിന് വനം വകുപ്പ് പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനം വകുപ്പ് 2020 ആഗസ്റ്റ് മുതൽ സംസ്ഥാനത്ത് ജനവാസ മേഖലയിൽ എത്തിപ്പെടുന്ന പാമ്പുകളെ ശാസ്ത്രീയമായി പിടികൂടി അനുയോജ്യമായ ആവാസവ്യവസ്ഥയിൽ വിട്ടയക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കുകയും ആയതിന്റെ ഭാഗമായി രണ്ടു ഘട്ടങ്ങളിലായി വനം വകുപ്പ് ഉദ്യോഗസ്ഥർക്കും, താൽക്കാലിക ജീവനക്കാർക്കും, പൊതുജനങ്ങളിൽ നിന്നും തൽപരരായ സന്നദ്ധസേവകർക്കും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. അതിൽ പ്രായോഗിക പരീക്ഷ വിജയകരമായി പൂർത്തിയാക്കുന്നവരെ അംഗീകൃത റെസ്ക്യൂവർമാരായി സർട്ടിഫി ക്കേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. പാമ്പിനെ പിടികൂടുന്നവർക്ക് പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനും പിടികൂടപ്പെടുന്ന പാമ്പിന് പരിക്കുകളോ അപകടമോ സംഭവിക്കാത്തതുമായ രീതിയാണ് വനം വകുപ്പ് പരിശീലിപ്പിക്കുന്നത്. |
| (ബി) | പാമ്പ് പിടിക്കുന്നതിന് പ്രത്യേക പരിശീലനം നൽകുന്നതിനും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ലൈസൻസ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; ഇവരുടെ സേവനവും പാമ്പുകളെക്കുറിച്ചുള്ള പ്രാഥമിക വിവരങ്ങളും ലഭ്യമാകുന്ന പ്രത്യേക ആപ്പ് നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | ജനവാസ മേഖലയിൽ എത്തിപ്പെടുന്ന പാമ്പുകൾ മൂലം അപകടങ്ങൾ ഉണ്ടാകാവുന്ന സാഹചര്യങ്ങളിൽ ജനങ്ങളുടേയും പാമ്പുകളുടേയും സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി, അത്തരം പാമ്പുകളെ ശാസ്ത്രീയമായി പിടികൂടി അനുയോജ്യമായ ആവാസ വ്യവസ്ഥയിൽ വിട്ടയയ്ക്കുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്താകെ വനംവകുപ്പ് ജീവനക്കാരും സന്നദ്ധ പ്രവർത്തകരുമടക്കം 1657 പേർക്ക് പാമ്പുകളെ കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രീയ പരിശീലനം നൽകി, അതിൽ നിന്നും |

| | | | |
|---|---|---|---|
| | | | തിരഞ്ഞെടുക്കപ്പെട്ട 928 പേർക്ക് അംഗീകൃത പാമ്പുപിടുത്തക്കാർക്കുള്ള സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. പാമ്പുകളുടെ റെസ്ക്യൂ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്നതിനായി പൊതുജനങ്ങൾക്കും, ഉദ്യോഗസ്ഥർക്കും, സന്നദ്ധ പ്രവർത്തകർക്കും ഉപയോഗിക്കാവുന്ന "സർപ്പ" എന്ന മൊബൈൽ ആപ്ലിക്കേഷൻ വനംവകുപ്പ് തയ്യാറാക്കി ഉപയോഗിച്ചുവരുന്നു. ഓരോ ജില്ലയിലേയും റസ്ക്യൂ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അംഗീകൃത റസ്ക്യൂവർമാരും, ഉദ്യോഗസ്ഥരും ഉൾപ്പെട്ട വാട്സപ്പ് ഗ്രൂപ്പുകൾ എല്ലാ ജില്ലകളിലും നിലവിലുണ്ട്. റസ്ക്യൂ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഓരോ ജില്ലയിലും ജില്ലാതല കോ-ഓഡിനേറ്റർമാരുണ്ട്. ട്രെയിനിംഗുകളും റസ്ക്യൂ പ്രവർത്തനങ്ങളും സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനായി നോഡൽ ഓഫീസറേയും നിയമിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കോ-ഓർഡിനേറ്റർമാരുടെ വാട്സപ്പ് ഗ്രൂപ്പും "സർപ്പ" - മൊബൈൽ ആപ്ലിക്കേഷനിലെ എൻട്രികൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും പാമ്പുകളെ പിടികൂടുന്നതുമായി ബന്ധപ്പെട്ട നിയമ വിരുദ്ധ പ്രവർത്തനങ്ങൾ സഗൗരവം കൈകാര്യം ചെയ്യുന്നതിനുമായി മേലുദ്യോഗസ്ഥർ ഉൾപ്പെട്ട മാസ്റ്റർ ട്രെയിനർമാരുടെ വാട്സപ്പ് ഗ്രൂപ്പുമുണ്ട്. പാമ്പുകളുടെ സംരക്ഷണവും ജനങ്ങളുടെ സുരക്ഷയും പ്രതിപാദിക്കുന്ന ചെറു ബോധവൽക്കരണ വീഡിയോകൾ തയ്യാറാക്കി സാമൂഹ്യമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, എൻ.ജി.ഒ കൾക്കുമായി ഓൺലൈൻ, ഓഫ് ലൈൻ മാർഗ്ഗങ്ങളിലൂടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. കോവിഡ് ലോക് ഡൗൺ കാലത്ത് അടച്ചിട്ടിരുന്ന സ്കൂളുകൾ ശുചീകരിക്കുന്നതിനായി 2021 ഒക്ടോബറിൽ റസ്ക്യൂ വോളന്റിയർമാരുടെ സാന്നിദ്ധ്യം എല്ലാ ജില്ലകളിലും ലഭ്യമാക്കുകയും, ശുചീകരണ വേളയിൽ അനവധി പാമ്പുകളെ സുരക്ഷിതമായി പിടികൂടി മാറ്റുകയും ചെയ്തിട്ടുണ്ട്. വനംവകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന എല്ലാ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്കും അവരുടെ നിർബന്ധിത പരിശീലന വേളയിൽ തന്നെ പാമ്പുകളെ കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രീയ പരിശീലനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ